# ഫയലുകളിൽ വേണ്ടത് ലളിത മലയാളം: കുരീപ്പുഴ ശ്രീകുമാർ

തിരുവനന്തപുരം: ഫയലുകളിൽ ലളിത മലയാളം ഉപയോഗിക്കുമ്പോഴേ മലയാളം ഭരണഭാഷയാക്കുന്നതിന്റെ പ്രയോജനം സാധാരണക്കാർക്ക് ലഭിക്കൂവെന്ന് കുരീപ്പുഴ ശ്രീകുമാർ. ഭരണഭാഷാ വാരാഘോഷത്തോട് അനുബന്ധിച്ച് സീമാറ്റ്-കേരള സംഘടിപ്പിച്ച ഭാഷാസെമിനാറിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. ഭരണഭാഷ മലയാളമാക്കാൻ സർക്കാർ നടത്തുന്ന ശ്രമങ്ങൾ പ്രശംസനീയമാണ്. എന്നാൽ ചില ഉദ്യോഗസ്ഥർ കഠിന പദങ്ങളും സംസ്കൃത വാക്കുകളും കുത്തിനിറച്ച് ഫയൽഭാഷ ദുർഗ്രഹമാക്കുന്നു. ചടങ്ങിൽ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ബി. അബുരാജ് അദ്ധ്യക്ഷനായി. സാക്ഷരതാ മിഷൻ ഡയറക്ടർ ഡോ. എ. ജി. ഒലീന, ഇൻസ്റ്റിറ്റ്യൂട്ട് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ സുരേഷ് ബാബു, റിസർച്ച് ഓഫീസർ ഡോ. സോണി. പി എന്നിവർ സംസാരിച്ചു. വിവിധ ടീച്ചർ എഡ്യൂക്കേഷൻ സ്ഥാപനങ്ങളിലെ അദ്ധ്യാപകരും വിദ്യാർത്ഥികളും പങ്കെടുത്തു.